# ഓർമ്മക്കുറിപ്പ് എം.പീതാംബരൻ മാസ്റ്റർ

## ഗുരുവന്ദനം

=========



**ഒ**രു മാതൃകാ വിദ്യാലയത്തിൽ നിന്നും വിദ്യാർത്ഥിക്ക് ലഭിക്കേണ്ടതായവിലപ്പെട്ട അറിവുകളും അനുഭവങ്ങളും എല്ലാം കുട്ടനെല്ലൂർ ഹൈസ്കൂളിൽ നിന്നും ലഭിച്ചതായി വളരെ നന്ദി പൂർവ്വം ഓർക്കുകയാണ് .പുത്തൂരിൽ നിന്ന് തൃശൂരിലേക്കുള്ള യാത്രയിൽ എല്ലാം ഈ വിദ്യാലയത്തിന് മുന്നിലെത്തുമ്പോൾ ദേവാലയത്തിന് മുന്നിലെത്തുന്ന പോലെ മനസ്സിൽ വണങ്ങി കൊണ്ടാണ് ഇപ്പോഴും മുന്നോട്ടുപോകുന്നത്. അത്രയേറെ ധന്യമായ അനുഭവങ്ങളും അറിവുകളും അതിലേറെ വാത്സല്യവും പ്രധാനം ചെയ്ത വിദ്യാക്ഷേത്രമാണ് കുട്ടനെല്ലൂർ ഹൈസ്കൂൾ. 1972 - 78 കാലഘട്ടത്തിലാണ് അഞ്ചാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെയുള്ള ഇവിടത്തെ പഠനം. എൻ്റെ ചെറിയമ്മയും വലിയമ്മയുടെ മകളും അവിടെ അധ്യാപികമാർ ആയിരുന്നതുകൊണ്ട് കൂടി ആകാം എന്റെ മാതാപിതാക്കൾ ആ സ്കൂൾ തിരഞ്ഞെടുത്തത് എന്ന് കരുതുന്നു. അത് വളരെ ഭാഗ്യം ചെയ്തു. എന്നും വെള്ള ഷർട്ടും വെള്ള മുണ്ടും ധരിച്ചെത്തുന്ന അന്നത്തെ ഹെഡ്മാസ്റ്ററെ ഭയ ഭക്തി ബഹുമാനത്തോടെയാണ് കണ്ടിരുന്നത്. അദ്ദേഹം പറയുന്ന ഓരോ വാക്കുകളും വളരെ പ്രാധാന്യമുള്ളതാണെന്ന് പിൻകാലത്ത് മനസ്സിലായി.

**കു**ട്ടനെല്ലൂരിന്റെ ചരിത്രപരവും സാംസ്കാരികവുമായ പ്രാധാന്യത്തെക്കുറിച്ചും വിദ്യാർത്ഥികളായ ഞങ്ങളുടെ ഉത്തരവാദിത്വ ത്തെ കുറിച്ചുമെല്ലാം പരിമിതമായ വാക്കുകളിൽ തന്നെ ഞങ്ങളെ ബോധ്യപ്പെടുത്തു മായിരുന്നു. വിദ്യാർത്ഥികളായ ഞങ്ങൾ ആവേശപൂർവ്വം പൊതുവായ ചില ആവശ്യങ്ങളെ കുറിച്ച് പറയാൻ ഹെഡ്മാസ്റ്ററുടെ മുമ്പിലെത്തുമ്പോൾ ,എപ്പോഴും ഹൃദ്യമായാണ് അദ്ദേഹം സ്വീകരിക്കാറുള്ളത് . വിദ്യാർഥികൾക്ക് പറയാനുള്ളത് ശ്രദ്ധാപൂർവം കേട്ടശേഷം ഞങ്ങൾ അവതരിപ്പിച്ച കാര്യങ്ങളുടെ ശാസ്ത്രീയവും സാമൂഹ്യവും സാംസ്കാരികവുമായ പ്രാധാന്യത്തെക്കുറിച്ച് എല്ലാം അദ്ദേഹം ഇങ്ങോട്ട് വിശദീകരിച്ച് തരുമായിരുന്നു അധികാരികളുടെയും പൊതുജനങ്ങളുടെയും മുന്നിൽ പൊതുവായ ഒരു കാര്യം അവതരിപ്പിക്കുമ്പോൾ എങ്ങനെയെല്ലാമാണ് അതിനെ സമീപിക്കേണ്ടത്/ അവതരിപ്പിക്കേണ്ടത് എന്ന് വിദ്യാർത്ഥികളായ ഞങ്ങൾക്ക് (ഒരു പക്ഷേ, ആവശ്യത്തിലേറെ പരിഗണന നൽകിക്കൊണ്ട് ) പറഞ്ഞു തരു മായിരുന്നു. പിൻക്കാലത്തെ സാമൂഹ്യ പ്രവർത്തനങ്ങൾക്ക് ഇത് ഒരു അനുഗ്രഹമായി.
ഹെഡ്മാസ്റ്റർ റിട്ടയർ ചെയ്യുന്ന വർഷം ഒരുദിവസം രാവിലെ 8 മണിയോടുകൂടി സ്കൂളിലെത്തിയപ്പോൾ അദ്ദേഹം ഒരു പാഠപുസ്തകം വായിച്ച് കുറിപ്പ് എഴുതുന്നതായി കണ്ടു. അതേ കുറിച്ച് ചോദിച്ചപ്പോൾ, അദ്ദേഹം പറഞ്ഞത് ഇന്ന് എടുക്കാനുള്ള പാഠഭാഗം ആണ് വായിച്ച് അദ്ധ്യാപന കുറിപ്പ് ഉണ്ടാക്കുന്നത്,എന്ന്. പ്രസ്തുത പാഠപുസ്തകം ഇറങ്ങിയിട്ട് വർഷങ്ങൾ ഏറെ ആയിട്ടുണ്ട്. അതുകൊണ്ടുതന്നെ ഇതെല്ലാം മനഃപാഠമായിട്ടു ണ്ടാവുകയില്ലേ എന്ന് ചോദിച്ചു. അപ്പോൾ അദ്ദേഹം നൽകിയ മറുപടി ഇതായിരുന്നു. "എത്ര മനപ്പാഠം ആയാലും ഒരുദിവസം ക്ലാസെടുക്കാൻ പോകുന്നതിനു മുമ്പ് പ്രസ്തുത പാഠഭാഗവും അതിൻ്റെ ടീച്ചിംഗ് നോട്ടും ഒരു തവണ എങ്കിലും വായിച്ച് മനസ്സിലുറപ്പിച്ച് വേണം കുട്ടികളുടെ മുന്നിൽ പോകാൻ.." അദ്ദേഹത്തിൻ്റെ വാക്കുകൾ പിൻകാലത്ത് അദ്ധ്യാപകനായി സേവനം അനുഷ്ഠിക്കേണ്ടി വന്ന എനിക്ക് വലിയ ഒരു തിരിച്ചറിവായിരുന്നു.

**സ്കൂ**ളിനോട് ചേർന്ന് പറമ്പിൽ രാവിലെ മുതൽ വൈകുന്നേരം വരെയും എന്തെങ്കിലും എല്ലാം കൊത്തി കിളച്ച് അധ്വാനിച്ച് നിൽക്കുന്ന ഒരു വ്യക്തിയെ കുട്ടികളായ ഞങ്ങൾക്ക് ശ്രദ്ധയിൽപ്പെട്ടിരുന്നു. സ്കൂളിൻ്റെ മുൻവശത്തുള്ള ഒരു മുറിയിൽ ഇടയ്ക്ക് അദ്ദേഹം വിശ്രമിക്കുന്നതായും കണ്ടു. ചിലപ്പോൾ ഹെഡ്മാസ്റ്ററും ചില അധ്യാപകരും അദ്ദേഹത്തോട് സംസാരിച്ചു മടങ്ങുന്നതും കാണാറുണ്ട്. അതേക്കുറിച്ച് അന്വേഷിച്ചപ്പോഴാണ് അദ്ദേഹം ഇപ്പോഴത്തെ ഹെഡ്മാസ്റ്റർക്ക് മുമ്പ് ഞങ്ങളുടെ സ്കൂളിന്റെ ഹെഡ്മാസ്റ്റർ ആയിരുന്നു എന്നും ഇപ്പോൾ സ്കൂളിൻ്റെ മാനേജർ ആണ് എന്ന് മനസ്സിലായത്. ഒരു മുൻ ഹെഡ്മാസ്റ്ററും മാനേജരും എല്ലാം ആയ വ്യക്തിയാണ് പറമ്പിൽ നിരന്തരം അദ്ധ്വാനിക്കുന്നത് എന്ന് മനസ്സിലായപ്പോൾ വലിയ അത്ഭുതം തോന്നി. മണ്ണിനോടും അദ്ധ്വാനത്തോടും ഉള്ള ബഹുമാനവും അടുപ്പവും നിലനിർത്തേണ്ടതിന്റെ ആവശ്യകത പിൻ കാലത്ത് കൂടുതൽ ശക്തമായി മനസ്സിൽ ഉറപ്പിക്കാൻ ഈ അനുഭവം വളരെയേറെ സഹായിച്ചു. ലാളിത്യവും പരസ്പരസ്നേഹവും സഹകരണവും ഈ വിദ്യാലയത്തിന് മുഖമുദ്രആയിരുന്നു എന്ന് അഭിമാനപൂർവ്വം ഓർക്കുകയാണ്.

**എ**ല്ലാ വെള്ളിയാഴ്ചകളിലും അവസാനത്തെ പിരീഡ് നടക്കുന്ന സാഹിത്യ സമാജം മീറ്റിങ്ങിന് ഉപന്യാസം, അഭിപ്രായങ്ങൾ, കലാപരിപാടികൾ എന്നിവ തയാറാക്കുന്നതിനും അവതരിപ്പിക്കുന്നതിനും അദ്ധ്യാപകരുടെ ഭാഗത്ത് നിന്നും ലഭിച്ച സമ്പൂർണ്ണ സഹകരണവും പ്രോത്സാഹനവും പിൻ കാലത്തേക്ക് കലാ സാഹിത്യ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് വലിയൊരു മുതൽക്കൂട്ടായിരുന്നു. പഠനത്തിലും പരീക്ഷയ്ക്ക് തയ്യാറാക്കുന്നതിനും എല്ലാ അദ്ധ്യാപകരും ആത്മാർത്ഥമായി പരിശ്രമിച്ചിരുന്നു.

**പ**ത്താംക്ലാസിൽ ഓണപ്പരീക്ഷ കഴിഞ്ഞിരിക്കുന്ന സമയത്ത് സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകൻ (അദ്ദേഹം പുത്തൂർ നിവാസി കൂടിയായിരുന്നു )എന്നോട് അദ്ദേഹത്തിൻ്റെ വീട്ടിലേക്ക് അത്യാവശ്യമായി ചെല്ലാൻ ആവശ്യപ്പെട്ടു.അല്പം ഭയപ്പാടോടു കൂടിയാണെങ്കിലും അദ്ദേഹത്തിന്റെ വീട്ടിൽ എത്തിയപ്പോൾ, സാമൂഹ്യ ശാസ്ത്രത്തിന്റെ ഏതാനും ഉത്തരക്കടലാസുകൾ ആണ് എനിക്ക് നൽകിയത്.
അതിൽ മൂല്യനിർണയം നടത്തിയതും അല്ലാത്തതും ഉണ്ടായിരുന്നു .ഇവ ഒന്ന് വായിച്ചു നോക്കാൻ ആവശ്യപ്പെട്ടു .ഓരോ കുട്ടിക്കും ലഭിച്ച മാർക്ക് എങ്ങനെ വ്യത്യാസപ്പെടുന്നു എന്ന് നോക്കാനും അദ്ദേഹം നിർദ്ദേശിച്ചു .മൂല്യനിർണയം നടത്താത്ത ഒരു പേപ്പർ എടുത്ത് അതിൽ എത്രയൊക്കെ മാർക്ക് കിട്ടാൻ സാധ്യതയുണ്ട് എന്നു അദ്ദേഹം എന്നോട് ആരാഞ്ഞു.ഇപ്രകാരം എങ്ങനെയാണ് ഒരു പരീക്ഷ എഴുതേണ്ടത് എന്നും കൂടുതൽ മാർക്ക് വാങ്ങണം എങ്കിൽ ഏതുതരത്തിൽ ഉത്തരങ്ങൾ അവതരിപ്പിക്കണം എന്നും അദ്ദേഹം എന്നെ ബോധ്യപ്പെടുത്തുകയായിരുന്നു .പരീക്ഷ അഭിമുഖീകരിക്കുന്നത് സംബന്ധിച്ച് വലിയ ഒരു ഉൾക്കാഴ്ച ഉണ്ടാക്കാൻ ഇത് സഹായകമായി. പിൻകാലത്ത് അദ്ധ്യാപകൻ ആയപ്പോഴും ഈ അനുഭവം മനസ്സിൽ വെച്ചുകൊണ്ട് പരീക്ഷ എങ്ങനെ എഴുതാം എന്നതിനെക്കുറിച്ച് ഓരോ വർഷവും മുന്നിൽ വരുന്നവിദ്യാർത്ഥികളെ ബോധ്യപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

**ഗാ**ന്ധിജയന്തിയോടനുബന്ധിച്ച് അക്കാലത്ത് നടത്താറുള്ള സേവനവാരം അദ്ധ്യാപകരും വിദ്യാർത്ഥികളും ഒത്തൊരുമിച്ചുള്ള പ്രവർത്തനത്തിനുള്ള വേദിയായിരുന്നു .സ്കൂളിൻറെ രണ്ടു കിലോമീറ്റർ ചുറ്റളവിലുള്ള ഒരുവിധം എല്ലാ ഇടവഴികളും ഈ ഒരാഴ്ച കൊണ്ട് വൃത്തിയാക്കി കൂടുതൽ ഗതാഗത യോഗ്യമാക്കാൻ അക്കാലത്ത് സാധിച്ചിരുന്നു .റോഡും തോടും പാടവും എല്ലാം നമ്മുടേതു കൂടിയാണ് , നമ്മൾ കൂടി സംരക്ഷിക്കേണ്ടതാണ് തുടങ്ങിയ സാമൂഹിക ഉത്തരവാദിത്തങ്ങളെ കുറിച്ച് അവബോധമുണ്ടാക്കാൻ ഈ അനുഭവങ്ങൾ സഹായിച്ചു.

**വ**ലക്കാവിന് അടുത്ത് മത്തായിച്ചിറ എന്ന സ്ഥലത്ത് ശക്തമായ ഒരു ഉരുൾപൊട്ടൽ കാലവർഷക്കാലത്ത് ഉണ്ടായി. ഏതാനും പേരുടെ ജീവനും വീടുകളും എല്ലാം നഷ്ടപ്പെട്ടിരുന്നു
അക്കാലത്ത് ഉരുൾപൊട്ടൽ എന്ന പ്രതിഭാസം വളരെ അപൂർവ്വമായി മാത്രമേ ഈ മേഖലയിൽ ഉണ്ടാകാറുള്ളൂ പ്രസ്തുത സ്ഥലം സന്ദർശിക്കാൻ അന്ന് അധ്യാപകരും വിദ്യാർത്ഥികളും ഒരുമിച്ച് പോയത് ഇപ്പോഴും ഓർക്കുന്നു. കാഴ്ച വളരെ ദയനീയമായിരുന്നു. അതേസമയം ഉരുൾപൊട്ടലിന്റെ കാരണങ്ങളെക്കുറിച്ചും മുൻകരുതലുകളെ കുറിച്ചുമെല്ലാം പ്രസ്തുത സ്ഥലത്തു നിന്നുകൊണ്ട് അദ്ധ്യാപകർ പറഞ്ഞ് തന്ന കാര്യങ്ങൾ പിൻ കാലത്തേക്ക് ഏറെ ഉപകാരപ്രദമായ പ്രകൃതി പാഠങ്ങളായിരുന്നു.

**കാ**യികമേഖലയിൽ ഉപജില്ലാ തലത്തിലും ജില്ലാ തലത്തിലും മികച്ച സ്ഥാനങ്ങൾ
നേടി വിജയ ഘോഷയാത്രകൾ, നടത്തിയതും, ശാസ്ത്ര എക്സിബിഷനുകളിൽ പങ്കാളിത്തം വഹിച്ചതും ചൂരൽ കൊണ്ടുള്ള നെയ്ത്ത് ഉൾപ്പെടെയുള്ള ക്രാഫ്റ്റ് ക്ലാസുകളും സംഗീത - ചിത്ര രചന ക്ലാസ്സുകളും എല്ലാം വളരെ ഉത്സാഹം പകരുന്നതായിരുന്നു. ഓരോ വിഷയങ്ങളും കൈകാര്യം ചെയ്തിരുന്ന അദ്ധ്യാപകർ ഒന്നിനൊന്ന് മികച്ച വരായിരുന്നു എന്ന് ഇപ്പോഴും ഓർക്കുന്നു. ഉത്തമ അധ്യാപകരായിരുന്ന അവരുടെ നിർബന്ധവും വാത്സല്യവും പ്രോത്സാഹനവും എല്ലാമാണ് പിൻ കാലത്തേക്ക് വലിയ ഒരു സമ്പത്തായി മാറിയത് എന്ന് കൃതജ്ഞതാപൂർവം ഓർക്കുകയാണ് .

**ഉ**ച്ചഭക്ഷണത്തിനു ശേഷം പാത്രം കഴുകുന്നതിന് സ്കൂൾ കോമ്പൗണ്ടിൽ ഉള്ള ഒരു കിണറും രണ്ട് ബക്കറ്റുകളും മാത്രമാണ് ഉണ്ടായിരുന്നത്. ഒരു വാട്ടർ ടാങ്കും പൈപ്പുകളും സ്ഥാപിക്കുക എന്നുള്ളത് അന്നത്തെ വലിയ സ്വപ്നമായിരുന്നു. ഈയൊരു സ്വപ്ന സാക്ഷാത്കാരത്തിനു വേണ്ടി മറ്റൊരു സാമൂഹികദൗത്യം കൂടി ഏറ്റെടുക്കാൻ അന്നത്തെ അദ്ധ്യാപകരും വിദ്യാർത്ഥികളും രക്ഷകർത്താക്കളും ഒറ്റക്കെട്ടായി ഇറങ്ങിയ കാര്യം ഇപ്പോഴും ഓർക്കുകയാണ് .വാട്ടർ ടാങ്കിനു വേണ്ടിയുള്ള ധനശേഖരണാർത്ഥം "വിദ്യാർത്ഥികളെ ഇതിലെ ഇതിലെ" എന്ന ഒരു സിനിമ പുത്തൂരിൽ ഉള്ള ടാക്കീസിൽ നടത്താൻ തീരുമാനിച്ചു. വീടുവീടാന്തരം കയറിയിറങ്ങി ടിക്കറ്റുകൾ വിൽപ്പന നടത്തി പണം ശേഖരിച്ചു.
ഒരു സാമൂഹിക ആവശ്യത്തെ സമൂഹത്തിന്റെ പിന്തുണയോടുകൂടി എങ്ങനെ യാഥാർഥ്യം ആക്കാമെന്ന് പ്രസ്തുത പ്രവർത്തനത്തിലൂടെ മനസ്സിലാക്കി. ഇത്തരത്തിൽ നിരവധി അറിവുകളും അനുഭവങ്ങളും
പകർന്നു നൽകുന്നതിന് അന്നത്തെ മുഴുവൻ അദ്ധ്യാപകരും അനദ്ധ്യാപകരും സഹപാഠികളും വഹിച്ച പങ്ക് വളരെ മഹത്തരമാണ്.തുടർന്നുള്ള കാലത്ത് അദ്ധ്യാപനവും സാമൂഹ്യ പ്രവർത്തനവും മുഖ്യ കർമ്മ മണ്ഡലങ്ങളാ യി സ്വീകരിച്ച എനിക്ക് വ്യക്തമായ ഒരു ദിശാബോധവും കരുത്തും പകരാൻ ഈ അനുഭവപാഠങ്ങൾക്ക് സാധിച്ചു.

**2014** സെപ്റ്റംബർ മാസം അഞ്ചാം തീയതി അദ്ധ്യാപകദിനത്തിൽ ഡൽഹിയിലെ വിജ്ഞാന ഭവനിൽ വച്ച് അന്നത്തെ രാഷ്ട്രപതി ശ്രീ. പ്രണബ് മുഖർജിയിൽ നിന്ന് ദേശീയ അദ്ധ്യാപക അവാർഡ് ഏറ്റുവാങ്ങുമ്പോഴും അതോടനുബന്ധിച്ച് രാഷ്ട്രപതിയും ഇന്ത്യൻ പ്രധാനമന്ത്രിയും നൽകിയ സ്നേഹ വിരുന്നിൽ പങ്കെടുക്കുമ്പോഴുമെല്ലാം ആയതിന് എന്നെ അർഹനാക്കിയതിന് മുഖ്യമായ ഒരു പങ്കുവഹിച്ച ഈ പുണ്യ വിദ്യാലയത്തെ യും ഗുരുക്കന്മാരെയും മനസ്സാനമിച്ചിരുന്നു.
നന്ദി പൂർവ്വം 🙏
**എം.പീതാംബരൻ 9446401576**

## ദേശീയ അദ്ധ്യാപക അവാർഡ് 2013




രാഷ്ട്രപതി ശ്രീ. പ്രണബ് മുഖർജി 2013-ലെ ദേശീയ അദ്ധ്യാപക അവാർഡ് എം. പീതാംബരൻ മാസ്റ്റർക്ക് നൽകുന്നു



പ്രധാനമന്ത്രി ശ്രീ .നരേന്ദ്രമോദിയോടൊപ്പം ദേശീയ അദ്ധ്യാപക അവാർഡ് ജേതാക്കൾ